# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7671 15.07.2014-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) തയ്യാറാക്കിയിട്ടുണ്ട്. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പു മുഖേന വിവിധ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യമേഖലയിൽ 13-ാം ധനകാര്യകമ്മീഷൻ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങളും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ 1600 വീടുകളും ഉൾപ്പെടെ ആകെ 6573 വീടുകൾ ഈ സർക്കാർ വന്നശേഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഘട്ടം ഘട്ടമായി ഭവന നിർമ്മാണ ധനസഹായം നൽകി കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട്/ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് 20 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തികൾ നടന്നുവരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് ഭവനരഹിതരും സ്വന്തം പേരിൽ ഭൂമി ഉള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്/ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതും വഴി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളും വഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ നിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് ( എൻ. എഫ്. ഡബ്ള്യൂ. എഫ്) ഉപയോഗിച്ചുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും, തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമപദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ജില്ലാതല ബെനിഫിഷ്യറി/മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന രഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ 4973 വീടുകൾക്കായി 110 കോടി രൂപയും മത്സ്യത്തൊഴിലാളികൾക്ക് വീട്/ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 20 കോടി രൂപയും അടക്കം 130 കോടി രൂപ 2011-15 കാലയളവിൽ ചെലവഴിച്ചു വരുന്നു.<br><br>ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ 800 വീടുകൾ വീതം വീടൊന്നിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 800 വീടുകൾക്കായി 12 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

**മാർഗ്ഗനിർദ്ദേശങ്ങൾ**

1. അപേക്ഷകർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18 നും 60 നും ഇടയ്ക്ക് പ്രായമുള്ള യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. മത്സ്യഗ്രാമ നിവാസിയായിരിക്കണം.
3. CRZ നിയമപ്രകാരം വീട് വയ്ക്കുവാൻ ഉതകുന്ന, കുറഞ്ഞത് 2 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.
4. DLMC (ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി) / ബെനിഫിഷ്യറി കമ്മിറ്റി ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.
5. അപേക്ഷകൻ വിവാഹിതനും കുടുംബം നയിക്കുന്നവനുമായിരിക്കണം.
6. വാസയോഗ്യമായ വീടില്ലാത്ത ആളായിരിക്കണം.
7. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
8. ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കാൻ പാടുള്ളൂ.
9. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന വിധവകൾക്കും കാൻസർ രോഗിക്കും വേണ്ടി മാറ്റി വെയ്ക്കണമെന്ന് മാതൃകാ മത്സ്യഗ്രാമ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുശാസിക്കുന്നു.
10. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിഫണ്ട് ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം നറുക്കെടുപ്പിൽപ്പെടാത്ത അപേക്ഷകരിൽ നിന്നും അങ്ങേയറ്റം പരിഗണന അർഹിക്കുന്ന 10% അപേക്ഷകരെ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ